(ഡി) 1994-95-ൽ ഉദ്ദേശം 800 ലക്ഷം രൂപയും 1995-96-ൽ ഇതുവരെ ഉദ്ദേശം 650 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. 1995-96-ലെ വിതരണ തുകയുടെ പൂർണ്ണ വിവരം മാർച്ച് 31-ന് ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഇ) ഉണ്ട്. 1994-95-ൽ 2,43,85,541 രൂപ ലഭ്യമായിട്ടുണ്ട്. 1995-96-ലെ കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല.

കൊതുകു നിവാരണത്തിന് പഞ്ചായത്തുകൾക്ക് നൽകിയ നിർദ്ദേശങ്ങൾ

*5 [92] പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, സി. കെ. ചന്ദ്രപ്പൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്):
,, കെ. പ്രകാശ് ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ കൊതുകുശല്യം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊതുകു നിവാരണത്തിനായി പഞ്ചായത്തുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം;

(ഡി) ഇവ നടപ്പാക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ പഞ്ചായത്തിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കൊതുക് വർദ്ധനയ്ക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞബാവ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൊതുക് നിവാരണത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 15,000 രൂപ വരെ ഈ ആവശ്യത്തിന് തങ്ങളുടെ ഫണ്ടിൽനിന്ന് ചെലവഴിക്കാമെന്ന് ഗ്രാമപഞ്ചായത്തുകളെ അറിയിച്ചിട്ടും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) കൊതുകു നശീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്നതിനുവേണ്ടി താഴെ പറയും പ്രകാരം ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചിരിക്കുകയാണ്:

ആലപ്പുഴ	..	30 ലക്ഷം രൂപ.
കോട്ടയം	..	25 ലക്ഷം രൂപ.
തിരുവനന്തപുരം	..	15 ലക്ഷം രൂപ.
കൊല്ലം	..	,, ,,
പത്തനംതിട്ട	..	,, ,,
എറണാകുളം	..	,, ,,
കോഴിക്കോട്	..	,, ,,
ഇടുക്കി	..	10 ലക്ഷം രൂപ.
തൃശ്ശൂർ	..	,, ,,
പാലക്കാട്	..	,, ,,
മലപ്പുറം	..	,, ,,
വയനാട്	..	,, ,,
കണ്ണൂർ	..	,, ,,
കാസർകോട്	..	,, ,,

(എഫ്) ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് കൊതുകുകളെ നശിപ്പിക്കുക, രാസപദാർത്ഥങ്ങൾ, കീടനാശിനികൾ എന്നിവ തളിക്കുക, കെട്ടിക്കിടക്കുന്ന വെള്ളം വാർന്നുപോകാൻ ഏർപ്പാട് ചെയ്യുക, ചപ്പു ചവറുകൾ അടിയന്തിരമായി നീക്കുക എന്നീ പ്രതിരോധ നടപടികൾ സ്വീകരിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*6 [93] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:
,, പി. രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്രീയമായ പഠനങ്ങൾ നടത്താതെയാണ് പുലിമുട്ട് നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുറമുഖ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെട്ടവരെയും കടലാക്രമണംമൂലം ഒഴിക്കപ്പെട്ടവരായ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുനരധിവാസ പദ്ധതികൾ യഥാസമയം നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly